# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3991** **21.10.2016 ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിലെ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ. നെല്ലിക്കുന്ന് | | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ അഴിമതി ഉള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിപത്ത് ഇല്ലായ്മ ചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം നിലവിലുണ്ട്. സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ, പൊതുജനങ്ങൾക്ക് അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും വേണ്ടിയുള്ള ഒരു Online Public Grievance Redressal Module സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| ബി) | പൊതുജനങ്ങൾക്ക് പരാതികളും അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഇപ്പോഴുള്ള മാർഗ്ഗങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഈ സംവിധാനങ്ങൾക്ക് കൂടുതൽ പ്രായോഗികത വരുത്താൻ നടപടികൾ സ്വീകരിക്കുമോ; | | |
| സി) | സർട്ടിഫിക്കറ്റുകൾക്കും മറ്റാവശ്യങ്ങൾക്കുമായി ജനങ്ങൾ അകാരണമായി പലവട്ടം ഓഫീസുകൾ കയറിയിറങ്ങേണ്ട സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്നും പ്രതിവിധികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സേവനം യഥാസമയം ലഭിക്കാത്തത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ